ഭരണഭാഷ - മാതൃഭാഷ

നമ്പർ പി എഫ് 5(1) /12420/15/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 27/04/2018
ഫോൺ : 0471 2303107

## പരിപത്രം

## കേരള പ്രൈവറ്റ് കോളേജ് സ്റ്റാഫ് പ്രൊവിഡന്റ് ഫണ്ട് (KPCSPF) വരിക്കാരുടെ ശ്രദ്ധയ്ക്ക്

2018 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ സ്വകാര്യ എയ്ഡഡ് കോളേജുകളിലെയും ജീവനക്കാരുടെ പി.എഫ് (KPCSPF) സംബന്ധമായ സേവനങ്ങളെല്ലാം ഓൺലൈൻ മുഖേന മാത്രം നടപ്പിലാക്കിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പി.എഫ്. ക്രെഡിറ്റ് കാർഡ് സംബന്ധമായ രേഖകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ എല്ലാ വരിക്കാരുടെയും 2015-16 FY വരെയുള്ള ക്രെഡിറ്റ് കാർഡുകൾ ജനറേറ്റ് ചെയ്തിട്ടുണ്ട്. പി.എഫ്. തുടങ്ങിയ കാലം മുതൽ 2007-08 FY വരെയുള്ള ക്രെഡിറ്റ് കാർഡുകൾ വേണ്ടതായ ജീവനക്കാരുടെ കാർഡുകൾ മാനുവലായും അതിനുശേഷം FY 2008-09 മുതൽ 2015-16 FY വരെയുള്ള പി.എഫ്. സംബന്ധമായ രേഖകൾ ഓൺലൈൻ ക്രെഡിറ്റ് കാർഡിൽ ഉൾപ്പെടുത്താൻ ഷെഡ്യൂളുകളും ലോൺ ബില്ലുകളും ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സഹിതം നൽകണമെന്ന് എല്ലാ സ്വകാര്യ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും നിരവധി തവണ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത രേഖകൾ പൂർണ്ണമായും പല കോളേജുകളിൽ നിന്നും ഇനിയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി രേഖകൾ 2018 മേയ് 15 നകം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധന റിപ്പോർട്ട് സഹിതം ഹാജരാക്കണമെന്ന് അറിയിക്കുന്നു. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും ജനറേറ്റ് ചെയ്തിട്ടുള്ള 2015-16 FY വരെയുള്ള ക്രെഡിറ്റ് കാർഡുകൾ ഗെയിൻ പി.എഫ് സൈറ്റിൽ നിന്നും ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖേന ഡൗൺലോഡ് ചെയ്ത് ജീവനക്കാർ എടുക്കേണ്ടതും ടി ക്രെഡിറ്റ് കാർഡിനെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമുള്ള ജീവനക്കാരുടെ പരാതികളും അവ പരിഹരിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകളും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സഹിതം 2018 മെയ് 15 ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ അതാത് കോളേജുകളിൽ നിന്നും സ്വീകരിക്കേണ്ടതുമാണ്.

070964

മേൽ വിഷയങ്ങളിൽ നടപടി സ്വീകരിക്കേണ്ടതിനും തീർപ്പാക്കുന്നതിനും ഇത് അവസാന അവസരമാകയാൽ ഇതിനുശേഷം പി.എഫ്. സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ജീവനക്കാർക്ക് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കുമെന്നും അറിയിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് ഇനിയൊരറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

കെ.എസ്. മീനാക്ഷി
അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

0709643